# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ. - ശ്രീമതി. സജീറ.പി.സി, ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് II, സാമൂഹ്യാരോഗ്യ കേന്ദ്രം,കീഴ്പ്പള്ളി, കണ്ണൂർ - ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് II കേഡറിലെ പ്രൊബേഷൻ അവസാനിപ്പിച്ചു സർവീസിൽ നിന്നും നീക്കം ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1. കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ 15.11.2025 തീയതിയിലെ DMOH-KNR/6123/2025-A5 നമ്പർ കത്ത്.
2. 01.12.2025 തീയതിയിലെ DHS/28320/2025-EF4 നമ്പർ കാരണം കാണിക്കൽ നോട്ടിസ്.
3. EF4-40543/2015/DHS, DATED 03/07/2015.
4. EF4-62348/2020/DHS, DATED: 14/09/2020

**ഉത്തരവ് നം: ആ.വ.ഡ./28320/2025-ഇ.എഫ്.4, തീയതി: 06-03-2026**

ശ്രീമതി. സജീറ പി.സി, ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് II, സാമൂഹ്യാരോഗ്യ കേന്ദ്രം, കീഴ്പ്പള്ളി, കണ്ണൂർ 15.12.2014 ൽ ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് II ആയി ആരോഗ്യവകുപ്പിൽ സേവനത്തിൽ പ്രവേശിച്ചു. കീഴ്പ്പള്ളി സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് IIആയി ജോലി ചെയ്യവേ പരാമർശം (4) പ്രകാരം 12.08.2015 തീയതിയിൽ ടിയാൾ KSR Part-1 Appendix XII A പ്രകാരം 5 വർഷത്തേക്ക് ശൂന്യവേതനാവധിയിൽ പ്രവേശിച്ചു. ടിയാളുടെ അപേക്ഷ പരിഗണിച്ചു അവധികാലയളവ് തീർന്ന മുറയ്ക്ക് പരാമർശം (5) പ്രകാരം 5 വർഷത്തേക്ക് കൂടി അവധി ദീർഘിപ്പിച്ചു നൽകുകയുണ്ടായി. ശൂന്യവേതനാവധി കാലാവധി അവസാനിച്ചു 12.08.2025 തീയതിയിൽ ജോലിയിൽ പ്രവേശിക്കേണ്ട ശ്രീമതി. സജീറ പി.സി അനധികൃതമായി ജോലിക്കു ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് & കണ്ടക്ട് (Work&Conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിനു കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിനു പരാമർശം (2) പ്രകാരം നോട്ടീസ് നൽകുകയും ചെയ്തിരുന്നു. ശ്രീമതി. സജീറ.പി.സി കാരണം

കാണിക്കൽ നോട്ടീസ് കൈപ്പറ്റിയെങ്കിലും ഇതുവരെ പ്രതിവാദ പത്രിക സമർപ്പിച്ചിട്ടില്ല.

**12.08.2025** മുതൽ അനധികൃതമായി ജോലിക്കു ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷനർ ആയ ശ്രീമതി. സജീറ പി.സി യുടെ വർക്ക് & കണ്ടക്ട് തൃപ്തികരമല്ല എന്നു വിലയിരുത്തുന്നു.

മേൽ സാഹചര്യത്തിൽ **1958** ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ശ്രീമതി. സജീറ പി.സി, ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് **II** ന്റെ പ്രൊബേഷൻ അവസാനിപ്പിച്ചു ടിയാളെ സേവനത്തിൽ നിന്നും നീക്കം ചെയ്യുവാൻ പരാമർശം **(2)** പ്രകാരം എടുത്ത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി **12.08.2025** തീയതി പ്രാബല്യത്തിൽ ടിയാളെ സേവനത്തിൽ നിന്നും നീക്കം ചെയ്തു ഇതിനാൽ ഉത്തരവാകുന്നു.

Digitally signed by
Reena K J
Date: 06-03-2026
12:50:47

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്:-

**Smt. Sajeera.P.C**
**Ponnadan Chalil (H)**
**Pannikottur P O, Koduvally**
**Kozhikode-673572**
**(Speed Post)**

പകർപ്പ്:-

1. ജില്ലാ മെഡിക്കൽ ഓഫീസർ, കണ്ണൂർ.
2. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,
   സാമൂഹികാരോഗ്യകേന്ദ്രം,കീഴ്പ്പള്ളി, കണ്ണൂർ
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
   (പ്രസിദ്ധീകരണത്തിന്)
3. ഫയൽ/കരുതൽ ഫയൽ